ഹൈറേഞ്ചും, കാളനൈസേഷൻ പദ്ധതിയും.

* 998. [24] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈറേഞ്ച് കാളനൈസേഷൻ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാളനിയിലെ താമസക്കാർക്ക് ഗവണ്മെന്റിൽനിന്നും അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ യഥാവസരം കിട്ടുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

സത്യഗ്രഹം.

* 999. [25] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ നിയമസഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു പാർലമെന്റ് മെംബറായ ശ്രീ. ശ്രീകണ്ഠൻനായർ സെക്രട്ടറിയേറ്റിന്റെ മുൻപിൽ സത്യഗ്രഹം നടത്തുകയും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ടോ;

(ബി) അദ്ദേഹം ലാക്കപ്പിൽ നിരാഹാരസത്യഗ്രഹം നടത്തിയോ;

(സി) എന്താവശ്യങ്ങൾ പറഞ്ഞുകൊണ്ടാണ് അദ്ദേഹം സത്യഗ്രഹം നടത്തിയത്;

(ഡി) ആയുർവ്വേദ കാളേജിലെ വിദ്യാർത്ഥികളും നിയമസഭാസമ്മേളനവേളയിൽ സെക്രട്ടറിയേറ്റിന്റെ മുമ്പിൽ പ്രകടനം നടത്തിയോ;

(ഇ) എന്താവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടായിരുന്നു ആ പ്രകടനങ്ങൾ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) നടത്തി.

(സി) താഴെ പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് അദ്ദേഹം സത്യഗ്രഹം നടത്തിയത്.

(1) ഗവണ്മെന്റും ചവറ മിനറൽ തൊഴിലാളി യൂണിയനും തമ്മിലുള്ള 27-7-54-ലെ ഒത്തുതീർപ്പിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുക.

(2) എഫ്. എക്സ്. പെരേര ആൻഡ് സൺസ് (തിരുവിതാംകൂർ) കമ്പനിയിലെ തൊഴിലാളികൾക്കുള്ള കുടിശ്ശിക കൊടുക്കുകയും കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്യുക.

(3) 5-10-55-ൽ അസംബ്ലി പരിസരങ്ങളിൽവച്ചു നടന്ന സംഭവത്തെക്കുറിച്ച് ഒരു പരസ്യാന്വേഷണം നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(4) ടി. എം. സി. ജനറൽ മാനേജരെപ്പറ്റി ആരോപിച്ചിട്ടുള്ള കൈക്കൂലി, അഴിമതി, സ്വജനപക്ഷപാതം ഇവയെപ്പറ്റി അന്വേഷിക്കുകയും വേണ്ട നടപടികൾ നടത്തുകയും ചെയ്യുക.

(ഡി) പ്രകടനം നടത്തി.

(ഇ) കാളേജിൽ പഠിപ്പിക്കുന്നതിന് അത്യാവശ്യമായ സ്റ്റാഫിനെ നിയമിക്കുക മുതലായ കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

പട്ടികജാതിയിൽപ്പെട്ട മാണവർകൾ

* 1000. [27] ശ്രീ ടി. എസ്. രാമസ്വാമി: കീഴ്ക്കാണും വിളക്കളുക്കു സ്തല സ്വയ ആട്ചി മന്ത്രി അവർകൾ വിടൈ പകർവാർകളാക:

(a) തിരുവിതാങ്കൂർ-കൊച്ചി സംസ്ഥാനത്തിൽ അരചാങ്ക ഉതവിയുടൻ കൽവി പയിലും പട്ടികജാതിയിൽ പട്ട കൽലൂരി മാണവർകൾ എത്തനൈ; ഉയർന്ത പാടചാലൈ മാണവർകൾ എത്തനൈ;

(b) തോവാളൈ, അകസ്തീച്വരം, കൽകുളം, വിളവങ്കോടു, ചെങ്കോട്ടൈ, തെവികുളം, പീരുമേടു, നെയ്യാറ്റിൻകരൈ, ഇന്ത താലൂകാക്കളിൽ ഉൾള പട്ടികജാതി മാണവർകൾ എത്തനൈ?

*Minister for Local Self Government* (SHRI K. KOCHUKUTTAN):

(a) In the State 850 students belonging to the Scheduled Castes are studying in Colleges and 4125 Scheduled Caste students are studying in High Schools with the help of Government aids.

(b) The taluk-war list of Scheduled Caste students in the State is not available with Government.

മുനിസിപ്പൽ തിരഞ്ഞെടുപ്പ്.

* 1001. [28] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുനിസിപ്പൽ തിരഞ്ഞെടുപ്പുകൾ മാറ്റിവക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ആലോചനയിൽ ഇരിക്കുന്നു.

ഡാക്ടറന്മാരുടെയും, വൈദ്യന്മാരുടെയും ശമ്പളം.

* 1002. [29] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള അലോപ്പതി ഡാക്ടറന്മാരുടെയും, ആയുർവേദവൈദ്യന്മാരുടെയും ഏറ്റവും, കുറഞ്ഞതും, കൂടിയതുമായ ശമ്പളനിരക്കുകൾ എന്താണെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly